**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.285** 03.02.2020 - ൽ മറുപടിയ്ക്ക്

## കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ വിതരണം ചെയ്ത ഉപയോഗയോഗ്യമല്ലാത്ത മരുന്നുകൾ

| | ചോദ്യം<br>ശ്രീ.വി.ടി.ബൽറാം :<br>ശ്രീ.പി.ടി. തോമസ്: | | മറുപടി<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ-ശിശു വികസനവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ഉപയോഗയോഗ്യമല്ലാത്ത മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ വാങ്ങി വിതരണം ചെയ്ത സംഭവത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം; | (എ) | കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ഉപയോഗയോഗ്യമല്ലാത്ത മരുന്നുകൾ സംഭരിച്ച് വിതരണം ചെയ്തിട്ടില്ല. മരുന്നുസംഭരണ പ്രക്രിയയിൽ സ്വീകരിക്കാവുന്ന പരമാവധി മുൻകരുതലുകൾ എടുത്ത ശേഷവും സംഭരിച്ച മരുന്നുകളിൽ ഏതെങ്കിലും കാലഹരണ തീയതിക്ക് മുൻപ് കോർപ്പറേഷനും ഡ്രഗ്സ് കൺട്രോളറും നടത്തുന്ന ഗുണനിലവാര പരിശോധനയിൽ പരാജയപ്പെടുന്ന സാഹചര്യത്തിൽ ഇത്തരം മരുന്നുകളുടെ വിതരണം തടഞ്ഞുവെയ്ക്കുകയും ടി മരുന്നുകളുടെ മുഴുവൻ തുകയും വിതരണക്കാരനിൽ നിന്നും ഈടാക്കുകയും ചെയ്യുന്നുണ്ട്. |
| (ബി) | ഇതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർ ആരൊക്കെയെന്നും, അവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്നും വിശദമാക്കാമോ ; | (ബി) | ബാധകമല്ല |
| (സി) | ഇതുവഴി സർക്കാരിനുണ്ടായ നഷ്ടം എത്രയെന്നു വിശദമാക്കാമോ? | (സി) | ഗുണനിലവാര പരിശോധനയിൽ പരാജയപ്പെടുന്ന ബാച്ചിലെ മരുന്നുകളുടെ മുഴുവൻ തുകയും വിതരണക്കാരനിൽ നിന്നും ഈടാക്കുന്നതിനാൽ സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ല. |

സെക്ഷൻ ആഫീസർ